# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 110

10/12/2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

## പി.എസ്.സി. ഒഴിവുകൾ

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2012 ഒക്ടോബർ 31 വരെ എത്ര ഒഴിവുകൾ വിവിധ വകുപ്പുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ ; | (എ) 18.5.2011 മുതൽ 31.10.2012വരെ 60673 ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിരുന്നു. 31.10.2012വരെ ഒഴിവുകളുടെ മാസാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) ഇപ്പോൾ ഏതെല്ലാം തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്; | (ബി) 10.12.2012-ൽ നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റുകളുടെ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു. |
| സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടുപോലും പല സ്ഥാപനങ്ങളിലും വകുപ്പുകളിലും ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്ക്കാലിക നിയമനം നടത്തുവാനോ, ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരം ഒഴിവുകളിൽ തുടരുവാൻ അനുവദിക്കുവാനോ പാടില്ല എന്ന് സർക്കാർ നിയമനാധികാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) പി.എസ്.സി.ക്ക് അപേക്ഷിയ്ക്കാനുള്ള ഉയർന്ന പ്രായപരിധി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | (ഡി) സർക്കാർ സർവ്വീസിലെ നിയമനങ്ങൾക്ക് അപേക്ഷിക്കുവാനുള്ള ഉയർന്ന പ്രായപരിധി 01.04.2012 മുതൽ പ്രാബല്യത്തോടെ ഒരു വർഷം വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ